സ്വവർഗ്ഗരതി ക്രിമിനൽകുറ്റമാണെന്ന സുപ്രീംകോടതി വിധിയിൽ പ്രതിഷേധിച്ച്
2014 ജനുവരി 11ന് തൃശൂരിൽ നടന്ന സംഗമത്തിൽ അവതരിപ്പിക്കപ്പെട്ട പ്രസ്താവന

# അനുരാഗം അപരാധമല്ല

**ഐ.പി.സി 377 ന് എതിരായ ജനകീയ സമിതി**

സ്വവർഗ്ഗരതി ക്രിമിനൽകുറ്റമാണെന്ന 2013 ഡിസംബർ 11ലെ സുപ്രീംകോടതി വിധി ബുദ്ധിശൂന്യവും ഇന്ത്യയിലെ ലൈംഗിക ന്യൂനപക്ഷവിഭാഗങ്ങളോട് സഹിഷ്ണുതയോ സ്വീകാര്യതയോ പുലർത്താത്തതും ഇന്ത്യൻ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന ജനാധിപത്യ മനുഷ്യാവകാശ തത്വങ്ങളെ ഉല്ലംഘിക്കുന്നതുമാണെന്ന് ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു.

സ്വവർഗ്ഗ ലൈംഗികത ഉൾപ്പെടെയുള്ള ലൈംഗികചര്യകൾ പ്രകൃതിവിരുദ്ധമാണെന്ന് മുദ്രകുത്തി ക്രിമിനൽകുറ്റമാക്കുന്ന ഐ.പി.സി സെക്ഷൻ 377 എന്ന നിർദ്ദയ നിയമം 1861ൽ ബ്രിട്ടീഷുകാരാൽ ആദ്യം നടപ്പിലാക്കുന്ന രാജ്യമാണ് ഇന്ത്യ. ഉഭയസമ്മത പ്രകാരമുള്ള പ്രായപൂർത്തിയായവരുടെ ലൈംഗികാവകാശങ്ങളെ നിഷേധിക്കുകയും സ്വവർഗ്ഗ ലൈംഗികത കുറ്റകരമാക്കുകയും ചെയ്തുകൊണ്ട് പരമാവധി ജീവപര്യന്തം ശിക്ഷ നൽകുക എന്നതായിരുന്നു കൊളോണിയൽ ശക്തികൾ ഈ നിയമത്തിലൂടെ ഉദ്ദേശിച്ചത്. പ്രായപൂർത്തിയായവർക്ക് ഉഭയസമ്മത പ്രകാരം ലൈംഗിക ബന്ധത്തിൽ ഏർപ്പെടാനുള്ള അവകാശത്തെ മാനിച്ചുകൊണ്ട്, ഐ.പി.സി സെക്ഷൻ 377 ഭരണഘടനാ വിരുദ്ധമാണെന്ന് 2009 ജൂലായ് 2ന് ദില്ലി ഹൈക്കോടതി വിധിച്ചു. എന്നാൽ അതിനെ റദ്ദുചെയ്തുകൊണ്ട് അടുത്തിടെ വന്ന സുപ്രീംകോടതി വിധി, സ്വവർഗ്ഗരതിക്ക് നിയമപരിരക്ഷ നൽകുന്നതിനായി ലോകമെമ്പാടും നടക്കുന്ന ശ്രമങ്ങളെ അവഗണിച്ചുകൊണ്ട് ചരിത്രഗതിയെ കീഴ്മേൽ മറിച്ചിരിക്കുകയാണ്.

സ്വവർഗ്ഗാനുരാഗികളുടെയും ട്രാൻസ്ജണ്ടേഴ്സിന്റെയും ബൈസെക്ഷ്വൽസിന്റെയും മനുഷ്യാവകാശങ്ങളെ ഐ.പി.സി സെക്ഷൻ 377ന്റെ പിൻബലത്താൽ ഇന്ത്യൻ പോലീസ് സംവിധാനം നാളുകളായി കവർന്നെടുത്തുകൊണ്ടിരിക്കുകയാണ്. ഭൂരിപക്ഷ സമൂഹത്തിന്റെ സദാചാര പ്രമാണങ്ങളെ ന്യൂനപക്ഷ ജനതതിക്ക് മേൽ അടിച്ചേൽപ്പിക്കാനുള്ള ശ്രമം ശരിയല്ല. വർഗ്ഗീയമായ സദാചാര ബോധത്തിൽ ഊന്നുന്ന സുപ്രീംകോടതി വിധി ഇന്ത്യയുടെ സംസ്കാരത്തെക്കുറിച്ച് അഗാധമായ അജ്ഞത പുലർത്തുന്നതും ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന മൗലീകാവകാശങ്ങളായ, ആർട്ടിക്കിൾ 21,14,15 (ജീവിക്കാനുള്ള അവകാശം, വ്യക്തിസ്വതന്ത്ര്യത്തിനുള്ള അവകാശം, നിയമതുല്യതയ്ക്കും വിവേചനത്തെ തടയുന്നതിനുമുള്ള അവകാശം) എന്നിവയെ നഗ്നമായി ലംഘിക്കുന്നതുമാണ്. വർഗ്ഗീയതയും ആഗോളീകരണവും വഴി വ്യക്തിസ്വാതന്ത്ര്യത്തിനുള്ള അവകാശം നിരവധി ഭീഷണികൾ നേരിട്ടുകൊണ്ടിരിക്കുന്ന സമകാലിക ഇന്ത്യൻ സാഹചര്യത്തെ, വ്യക്തികളുടെ സ്വകാര്യതയിലേക്ക് കൈകടത്താൻ അനുവാദം നൽകുന്ന ഈ സുപ്രീംകോടതി വിധി കൂടുതൽ കലുഷിതമാക്കിയിരിക്കുന്നു. സ്വവർഗ്ഗാനുരാഗികൾക്കും ട്രാൻസ്ജണ്ടേഴ്സിനും ബൈസെക്ഷ്വൽസിനും നേർക്കുള്ള പോലീസ് സംവിധാനത്തിന്റെ അധികാര ദുർവിനിയോഗത്തെ ഈ വിധി ശക്തിപ്പെടുത്തും. എതിർവർഗ്ഗ ലൈംഗികതയെ അടിസ്ഥാനമാക്കിയ നിലവിലെ വിവാഹങ്ങൾക്ക് നിർബന്ധിക്കുന്നതിലൂടെ സൃഷ്ടിക്കപ്പെടുന്ന ഇരട്ടത്താപ്പിനെ അതിജീവിക്കാനാകാതെ സ്വവർഗ്ഗാനുരാഗികൾ ആത്മഹത്യയിലേക്കും മാനസിക വിഭ്രാന്തിയിലേക്കും വഴുതിവീഴുന്നതിന് സാഹചര്യമൊരുങ്ങും.

സ്വവർഗ്ഗ ലൈംഗികത അസാന്മാർഗ്ഗികമോ പ്രകൃതിവിരുദ്ധമോ ആല്ല. പാപമോ വിലക്ഷണമോ അല്ല. ഗുരുതരമായ മനുഷ്യാവകാശ ലംഘനങ്ങൾക്ക് കാരണഹേതുവാകുന്ന ബഹുഭൂരിപക്ഷത്തിന്റെ സദാചാര സംഹിതകളുടെ അടിച്ചേൽപ്പിക്കലാണ് അസാന്മാർഗ്ഗികവും അധാർമ്മികവും വിലക്ഷണവും പ്രകൃതിവിരുദ്ധവും. അതിനാൽ, ഭരണകൂടവും ചില മതമൗലികവാദ സംഘടനകളും ഏതാനും പിന്തിരപ്പൻ രാഷ്ട്രീയക്കാരും ഒത്തുചേർന്ന് ലക്ഷക്കണക്കിനാളുകളുടെ ലൈംഗീകാവകാശങ്ങളെ നിഷേധിക്കാൻ ശ്രമം നടത്തുന്ന ഈ നിർണ്ണായക സന്ദർഭത്തിൽ തന്നെ ലൈംഗിക ന്യൂനപക്ഷങ്ങൾക്ക് പിന്തുണ നൽകാൻ ഞങ്ങൾ അഭ്യർത്ഥിക്കുന്നു.


